വ്യാജ സർട്ടിഫിക്കറ്റ്: കേസൊതുക്കാൻ ഉന്നതതല നീക്കം

റെയ്ഡ് നാടകം നടത്തി

കണ്ണൂർ: വിദേശ ജോലിക്ക് നേഴ്സുമാർക്ക് വ്യാജ സർട്ടിഫിക്കറ്റ് നൽകിയ കേസ് ഒതുക്കാൻ ഉന്നതതല നീക്കം. ചെട്ടിപ്പീടികയിലെ മെഡ്സിറ്റി ഇന്റർനാഷണൽ അക്കാദമിയാണ് തട്ടിപ്പ് നടത്തിയത്. കേരള നേഴ്സ് ആന്റ് മിഡ്വൈഫ് കൗൺസിലിന്റെ പേരിലുള്ള വ്യാജ സർട്ടിഫിക്കറ്റ് നൽകിയതിനാണ് സ്ഥാപനത്തിന്റെ സി. എം.ഡി രാഹുൽ ചക്രപാണി, സഹോദരനും ചെയർമാനുമായ അനിൽ ചക്രപാണി എന്നിവർക്കെതിരെ കേസെടുത്തിരുന്നത്. നടുവിൽ സ്വദേശിനി പി.പി. ബിനിഷ, കോഴിക്കോട് അഴിഞ്ഞിലം സ്വദേശി പൂജ വിജയൻ എന്നിവർക്ക് വ്യാജ സർട്ടിഫിക്കറ്റ് നൽകിയെന്നായിരുന്നു കേസ്. എന്നാൽ പ്രതിസ്ഥാനത്ത് നിന്ന് ഇരുവരെയും മാറ്റാനാണ് നീക്കം നടക്കുന്നത്. ഒരു ജീവനക്കാരനെ മാത്രം പ്രതിയാക്കി കേസ് ഒതുക്കാനാണ് നീക്കം.

വ്യാജ സർട്ടിഫിക്കറ്റുകൾ ഇ-മെയിലായാണ് അയച്ചുകൊടുത്തത്. സ്ഥാപനത്തിന്റെ ലാപ്ടോപിൽ നിന്ന് ഉടമകൾ അറിയാതെ സർട്ടിഫിക്കറ്റുകൾ അയച്ചുകൊടുക്കുകയായിരുന്നുവെന്ന് വരുത്തിത്തീർക്കാനാണ് നീക്കം. എന്നാൽ നേരത്തെ ആരോപണം നിഷേധിച്ചുകൊണ്ട് സ്ഥാപന ഉടമ നൽകിയ പത്രക്കുറിപ്പിൽ പരാതിക്കാരിക്ക് 2000 രൂപ അധികം നൽകി പ്രശ്നം പരിഹരിച്ചുവെന്ന് വ്യക്തമാക്കിയിരുന്നു. പരാതി പണം കൊടുത്ത് ഒതുക്കുകയായിരുന്നുവെന്നതിന്റെ പ്രധാനപ്പെട്ട തെളിവാണ് ഈ പത്രക്കുറിപ്പ്. എന്നിട്ടും കേസ് അട്ടിമറിക്കാൻ നീക്കം നടക്കുകയാണ്.

ഇന്നലെ ഉച്ചകഴിഞ്ഞ് സ്ഥാപനത്തിന്റെ ഓഫീസിൽ കണ്ണൂർ ടൗൺ പോലീസ് റെയ്ഡ് നടത്തി ലാപ്ടോപ്പും മറ്റും പിടിച്ചെടുത്തു. എന്നാൽ ഈ റെയ്ഡ് നാടകമാണെന്ന ആരോപണം ഉയർന്നിട്ടുണ്ട്. നേരത്തെ സൈബർ സെല്ലിന്റെ സഹായത്തോടുകൂടി നടത്തിയ അന്വേഷണത്തിൽ ലഭിച്ച കാര്യങ്ങൾക്ക് സഹായകരമായ രേഖകളൊന്നും കണ്ടെടുക്കാൻ റെയ്ഡിൽ ശ്രമം നടന്നില്ല. പകരം ലാപ്ടോപ്പ് കസ്റ്റഡിയിലെടുക്കുക മാത്രമാണ് ചെയ്തത്. ഈ ലാപ്ടോപ്പ് ഉപയോഗിച്ചാണ് ഓൺലൈൻ വഴി വ്യാജ സർട്ടിഫിക്കറ്റുകൾ അയച്ചതെന്ന് സ്ഥാപിച്ച് ജീവനക്കാരനെ മാത്രം പ്രതിയാക്കാനുള്ള നീക്കത്തിന്റെ ഭാഗമാണിത്. വെറും 2000രൂപയുടെ കേസെല്ലേ അന്വേഷണത്തിന് വലിയ പ്രാധാന്യമൊന്നും നൽകേണ്ടായെന്ന് ഒരു ഉന്നത പോലീസ് ഉദ്യോഗസ്ഥൻ തന്നെ നിർദേശം നൽകിയിട്ടുണ്ടത്രെ.

ബി.ജെ.പിക്കെതിരെയുള്ള പോരാട്ടത്തിൽ കോൺഗ്രസിനെ വിശ്വസിക്കാൻ കഴിയില്ല: കോടിയേരി

ആലക്കോട്: ബി.ജെ.പി.ഉയർത്തുന്ന വർഗീയതക്കെതിരെയുള്ള പോരാട്ടത്തിൽ കോൺഗ്രസ് വിശ്വസിക്കൻ കഴിയാത്ത പാർട്ടിയാണെന്ന് സി.പി.എം സംസ്ഥാന സ്ക്രട്ടറി കോടിയേരി ബാലകൃഷ്ണൻ പ്രസ്താവിച്ചു. വായാട്ടുപറമ്പിൽ സി.പി.എം ബ്രാഞ്ച് കമ്മിറ്റി ഓഫീസായി നിർമ്മിച്ച ഇ.എം.എസ് മന്ദിരം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു അദേഹം. ഇന്നലത്തെ കോൺഗ്രസാണ് നാളത്തെ ബി.ജെ.പി. ലോക്സഭയിലെ 112 ബി.ജെ.പി. എം.പിമാർ കോൺഗ്രസിന്റെ നേതാക്കൻമാരായിരുന്നു. രാഷ്ട്രപതിയായിരുന്ന കോൺഗ്രസ് നേതാവ് പ്രണാബ് മുഖർജി ആർ.എസ്.എസിന്റെ നാഗ്പൂരിലെ ക്യാമ്പിൽ പങ്കെടുക്കുന്നു. വർഗീയതയുമായി വിട്ടുവീഴ്ച ചെയ്യുന്ന കോൺഗ്രസിന്റെ നയമാണ് ബി.ജെ.പിയെ വളർത്തുന്നത്. ബി.ജെ.പിയെ ചെറുക്കുന്നത് ഇടതുപക്ഷം മാത്രമാണ്.

വായാട്ടുപറമ്പിൽ ഇ.എം.എസ് സ്മാരക മന്ദിരം ഉദ്ഘാടനം ചെയ്ത് കോടിയേരി ബാലകൃഷ്ണൻ പ്രസംഗിക്കുന്നു

2019ലെ തിരഞ്ഞെടുപ്പിൽ ബി.ജെ.പിയെ പുറത്താക്കണമെങ്കിൽ ഇടതുപക്ഷത്തിന്റെ അംഗസംഖ്യ വർധിപ്പിക്കണം. ജനക്ഷേമകരമായ പ്രവർത്തനങ്ങൾ നടത്തുന്ന കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെ ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞ് അപകീർത്തിപ്പെടുത്താനാണ് ചില മാധ്യമങ്ങളുടെ സഹായത്തോടെ യു.ഡി.എഫും ബി.ജെ.പിയും ചേർന്ന് നടത്തുന്നത്. അദേഹം പറഞ്ഞു. വി.എ. അപ്പച്ചൻ അധ്യക്ഷത വഹിച്ചു. കെ.എം.ജോസഫ്, എം.കരുണാകരൻ, പി.വി.ബാബുരാജ്, വി.പി.ഗോവിന്ദൻ, പി.രവീന്ദ്രൻ, കെ.പി.സാബു, സാജു ജോസഫ്, കെ.ടി തോമസ് പ്രസംഗിച്ചു. എം.എം.ഷനീഷ് സ്വാഗതവും സനൽ സേവ്യർ നന്ദിയും പറഞ്ഞു.

റമളാനിലെ ബാങ്കിന്റെ സമയം

ഇന്നത്തെ നോമ്പ്തുറ
6.54

ളുഹർ	12.31
അസർ	3.56
മഗ്രിബ്	6.54
ഇശാഅ്	8.13
സുബ്ഹ്	4.36

Elegant Ideas for a Stylish Lifestyle
Ideal decor
HOME 'N' OFFICE FURNITURE & ACCESSORIES
Level 2, City Square, at Shopprix super Centre
N.H. TALIPARAMBA
Ph: 0460 220 1123, 9207428880

വാഹനാപകടത്തിൽ മരിച്ചയാളെ തിരിച്ചറിഞ്ഞു

കണ്ണൂർ: കഴിഞ്ഞ ദിവസം കണ്ണൂർ കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിന് സമീപം ഉണ്ടായ വാഹനാപകടത്തിൽ മരണപ്പെട്ടയാളെ തിരിച്ചറിഞ്ഞു. ആലപ്പുഴ ചേർത്തലയിലെ വിശംഭരൻ(70) ആണ് മരിച്ചത്. 10 വർഷം മുമ്പ് കണ്ണൂരിലെത്തിയ ഇയാൾ ധനലക്ഷ്മി ആശുപത്രിക്ക് പരിസരത്തെ ചായക്കടയിൽ ജോലി ചെയ്തുകയായിരുന്നു. ബന്ധുക്കളെത്തി മൃതദേഹം ഏറ്റെടുക്കും.

സ്വർണ്ണം ഇന്നത്തെ വില

ഗ്രാമിന്: 2885
പവന് :22,840

പവിത്ര ജ്വല്ലറി
കുട്ടുക്കൻ കോംപ്ലക്സ്, ഹൈവേ, തളിപ്പറമ്പ
Ph: 0460-2207237

ചരമം

ഖാലിദ്

കണ്ണൂർ: കണ്ണൂർ നഗരസഭാ മുൻ കൗൺസിലർ കണ്ണൂർ സിറ്റി ആനയിടുക്കിൽ മഹല്ലിൽ വീട്ടിൽ ബി. വി. ഖാലിദ് (60) നിര്യാതനായി. മുസ്ലിംലീഗ് അറക്കൽ ഡിവിഷൻ വൈസ് പ്രസിഡന്റ് ആയിരുന്നു. മക്കൾ:നൗഷാദ്, തസ്ലീമ, നംഷീദ്, തഷ്ദീദ്, റിഷാൽ, ഇബ്രാഹിം, സൽമാൻ ഹാരിസ്. മരുമകൻ: അസ്കർ. സഹോദരങ്ങൾ: ഹഫ്സത്ത്, സക്കീന, റംല, ശഹർസാൻ, ഫായിസ, സറീന, നൂർജഹാൻ, സീനത്ത്.

കഞ്ചാവും ചാരായവുമായി പിടിയിൽ

തളിപ്പറമ്പ: തളിപ്പറമ്പ സർക്കിൾ എക്സൈസ് ഇൻസ്പെക്ടർ എം. നൗഷാദിന്റെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിൽ കഞ്ചാവും വാറ്റുചാരായവും പിടിച്ചെടുത്തു. ആലക്കോട് പുലിക്കുരുമ്പയിൽ വെച്ച് തേക്കാനത്ത് ഹൗസിലെ സെബൻസ് സേവ്യറി (29)നെ 20 ഗ്രാം കഞ്ചാവുമായാണ് പിടികൂടിയത്.

ആലക്കോട് പോത്തുകുണ്ട് ഭാഗത്ത് നടത്തിയ പരിശോധനയിൽ നാല് ലിറ്റർ വാറ്റ് ചാരായം സഹിതം പോത്തുകുണ്ടിലെ പ്രാൻകുനത്ത് വീട്ടിൽ നാരായണ(60)നെയും പിടികൂടി. പ്രിവന്റീവ് ഓഫീസർമാരായ കെ.പി. മധുസൂദനൻ, എ. അനീസ്, സിവിൽ എക്സൈസ് ഓഫീസർമാരായ എം. ഗോവിന്ദൻ, വി. മനോജ്, ഡ്രൈവർ കെ. പുരുഷോത്തമൻ എന്നിവരും പിടികൂടിയ സംഘത്തിലുണ്ടായിരുന്നു.

തളിപ്പറമ്പ് താലൂക്ക് ഓഫീസിലേക്ക് ബി.എം.എസ് നടത്തിയ മാർച്ച്

ബി. എം. എസ് താലൂക്ക് ഓഫീസ് മാർച്ച്

തളിപ്പറമ്പ്: പെട്രോൾ-ഡീസൽ വില ജി.എസ്.ടിയിൽ ഉൾപ്പെടുത്തുക, ഓട്ടോറിക്ഷ മിനിമം ചാർജ് 25 രൂപയാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് ഭാരതീയ ഓട്ടോറിക്ഷ മസ്ദൂർ സംഘം തളിപ്പറമ്പ് താലൂക്ക് ഓഫീസിലേക്ക് മാർച്ച് നടത്തി.

ബി.എം.എസ് ജില്ലാ പ്രസിഡന്റ് എം.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. കെ.വി. കരുണാകരൻ അധ്യക്ഷത വഹിച്ചു. പി.കൃഷ്ണൻ, കെ.വി.ശ്രീജിത്ത്, കെ.പി.ജയപ്രകാശ്, വിജയകുമാർ സംസാരിച്ചു. പി.വി.ഗണേശൻ സ്വാഗതം പറഞ്ഞു.

വ്യാജരേഖ ചമച്ച് 72 ലക്ഷം തട്ടിയതായി പരാതി

കണ്ണൂർ: വ്യാജരേഖ ചമച്ച് 72 ലക്ഷം രൂപ തട്ടിയെടുത്തതായി പരാതി. ചാലാടെ എൻ.പി.സിദ്ധാർത്ഥ്(19) ആണ് അലവിൽ മുള്ളൻ കന്നിയിലെ എം.സന്തോഷിനെതിരെ പോലീസിൽ പരാതി നൽകിയത്. സിദ്ധാർത്ഥിന്റെ പിതാവിന്റെ ഉടമസ്ഥതയിലുള്ള അശോക ട്രാവൽസിലെ ജീവനക്കാരനായിരുന്നു എം.സന്തോഷ്. ഇയാൾ വ്യാജ രേഖകളുണ്ടാക്കി ഐ.സി.ഐ.സി.ഐ ബാങ്കിന്റെ കോഴിക്കോട് ശാഖയിൽ നിന്ന് മാനേജരുടെ ഒത്താശയോടെ 7285997 രൂപ തട്ടിപ്പ് നടത്തിയതായാണ് പരാതി. ഇയാൾ ഇപ്പോൾ സ്വന്തമായി ട്രാവൽസ് തുടങ്ങിയിട്ടുണ്ട്. ടൗൺ പോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

പോലീസിനെ ന്യായീകരിച്ച് മുഖ്യമന്ത്രി; നിയമസഭയിൽ പ്രതിപക്ഷ ബഹളം

തിരുവനന്തപുരം: എടത്തലയിൽ യുവാവിനെ പോലീസ് ക്രൂരമായി മർദിച്ച സംഭവത്തിൽ പോലീസിനെ ന്യായീകരിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. ഇതേ തുടർന്ന് നിയമസഭ പ്രതിപക്ഷ ബഹളത്തിൽ കലാശിച്ചു. പ്രതിപക്ഷം ബഹിഷ്ക്കരിച്ചതിനെ തുടർന്ന് ഇന്നും നിയമസഭ പിരിഞ്ഞു.

പ്രതിപക്ഷത്ത് നിന്ന് അൻവാർ സാദത്ത് ആണ് അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയത്. നോട്ടീസിന് മറുപടി പറയവെ, പോലീസ് മർദനത്തിനിരയായ ഉസ്മാനാണ് ആദ്യം പോലീസ് ഡ്രൈവറെ മർദിച്ചതെന്ന് മുഖ്യമന്ത്രി പറഞ്ഞു. എന്നാൽ പോലീസിന്റെ നടപടി ശരിയായില്ല. ഉസ്മാൻ അക്രമിച്ചപ്പോൾ തിരിച്ച് അക്രമിക്കുന്നതിന് പകരം പോലീസ് കേസെടുക്കുകയാണ് ചെയ്യേണ്ടത്. തീവ്രവാദ സ്വഭാവമുള്ള ചില സംഘടനകളാണ് പോലീസിനെതിരെ പ്രതിഷേധവുമായി രംഗത്തെത്തിയത്. കളമശേരി ബസ് കത്തിക്കൽ കേസ് പ്രതികളാണ് പ്രതിഷേധവുമായി എത്തിയത്. ആലുവ ആരുടെയും സ്വകാര്യ റിപ്പബ്ലിക് അല്ല. മുഖ്യമന്ത്രി പറഞ്ഞു. ഇതാണ് പ്രതിപക്ഷത്തെ പ്രകോപിപ്പിച്ചത്. മുഖ്യമന്ത്രി ആലുവക്കാരെ മുഴുവൻ തീവ്രവാദികളെന്ന് വിളിച്ച് അപമാനിച്ചതായി പ്രതിപക്ഷം ആരോപിച്ചു. പ്രതിപക്ഷ അംഗങ്ങൾ സ്പീക്കറുടെ ഡയസിന് സമീപമെത്തി മുദ്രാവാക്യം വിളിച്ചു. തുടർന്ന് സഭയിൽ നിന്ന് ഇറങ്ങിപ്പോവുകയായിരുന്നു.

ഡി.സി.സി ജനറൽ സെക്രട്ടറി പ്രദീപ് വട്ടിപ്രം രാജിവെച്ചു; കാരണം രാഷ്ട്രീയ ഊരുവിലക്കെന്ന്

കണ്ണൂർ: ഡി.സി.സി ജനറൽ സെക്രട്ടറി പ്രദീപ് വട്ടിപ്രം കോൺഗ്രസിന്റെ തൽസ്ഥാനം രാജിവെച്ചു. രണ്ട് വർഷത്തോളമായി കോൺഗ്രസിലെ ചില നേതാക്കൾ പറഞ്ഞതനുസരിച്ച് പാർട്ടി തനിക്ക് രാഷ്ട്രീയ ഊരുവിലക്ക് പ്രഖ്യാപിച്ചതിൽ മനംമടുത്താണ് രാജിയെന്ന് അദേഹം പറഞ്ഞു. 2013ൽ ഡി.സി.സി. ഓഫീസ് പുനർനിർമ്മിക്കാൻ തീരുമാനിച്ചതിന് ശേഷം ഇതുവരെയായി ഗൾഫ് രാജ്യങ്ങളിലടക്കം നടത്തിയ പിരിവിൽ സമാഹരിച്ച പണം ചില നേതാക്കൾ പിടുങ്ങിയത് ചൂണ്ടിക്കാണിച്ചതിനാണ് തന്നെ പാർട്ടിക്കുള്ളിൽ ഊരുവിലക്കിയത്. കൂത്തുപറമ്പ തൊക്കിലങ്ങാടി ഹൈസ്കൂൾ ഭരണസമിതിയിൽ ആർ.എസ്.എസുമായി മുന്നണിയുണ്ടാക്കി കോടികൾ സമ്പാദിച്ചു കോൺഗ്രസ് ഇപ്പോൾ പ്രസ്തുത സ്കൂളിലെ ജില്ലയിലെ ആർ.എസ്.എസിന്റെ ഫണ്ടിംഗ് കേന്ദ്രമാക്കി മാറ്റിയിരിക്കുകയാണ്. ബ്ലേഡ് മാഫിയകളും മണൽ കടത്തുകാരും നിയന്ത്രിക്കുന്ന കണ്ണൂരിലെ കോൺഗ്രസ് നേതാവിന് യഥാർത്ഥ പാർട്ടിക്കാരനെ തിരിച്ചറിയാൻ കഴിയാത്തതിൽ ദുഖമുണ്ടെന്നും അദേഹം പറഞ്ഞു. കോൺഗ്രസിന്റെ പ്രാഥമിക അംഗത്വം രാജിവെച്ചിട്ടില്ലെന്നും തൽക്കാലം രാഷ്ട്രീയം വേണ്ടെന്നാണ് തീരുമാനമെന്നും പ്രദീപ് പറഞ്ഞു. യൂത്ത് കോൺഗ്രസ് മുൻ സംസ്ഥാന ജനറൽ സെക്രട്ടറി കൂടിയാണ് പ്രദീപ്.

എടപ്പാൾ പീഡനം: അന്വേഷണം ക്രൈംബ്രാഞ്ച് എസ്.പി.സന്തോഷിന്റെ നേതൃത്വത്തിൽ

മലപ്പുറം: എടപ്പാൾ പീഡനക്കേസ് ക്രൈംബ്രാഞ്ച് ഏറ്റെടുത്തു. എറണാകുളം ക്രൈംബ്രാഞ്ച് എസ്.പി കെ.വി. സന്തോഷ് കുമാറിന്റെ നേതൃത്വത്തിലുള്ള സംഘമാണ് അന്വേഷണം നടത്തുന്നത്. ഇന്നലെ എസ്.പി. എടപ്പാളിലെത്തി പ്രാഥമിക അന്വേഷണം ആരംഭിച്ചു. പോലീസ് സ്റ്റേഷനിൽ ഫയൽ ഇല്ലാത്തതിനാൽ കേസിന്റെ വിശദീകരണങ്ങൾ അറിയാനും കഴിഞ്ഞിട്ടില്ല. ഫയലുകൾ മുഴുവൻ ഫൈക്കോടതിയിലാണ് ഉള്ളത്. രണ്ട് ദിവസത്തിനകം ഫയൽ തിരികെ ലഭിക്കുന്നതോടെ മാത്രമേ തുടർ നടപടി എടുക്കാനാകൂ. കേസിൽ തിയേറ്റർ ഉടമയെ അറസ്റ്റ് ചെയ്തതിന് ഡി.വൈ.എസ്.പി. ഷാജി വർഗീസിനെതിരെ കൂടുതൽ നടപടി ഉണ്ടാകുമെന്ന് ഉറപ്പായി. തിയേറ്റർ ഉടമക്ക് ഈ കേസുമായി ബന്ധമില്ല. ഇയാളുടെ പരാതിയിലല്ല പോലീസ് കേസെടുത്തത്. തീയേറ്റർ ഉടമ സംഭവം നടക്കുമ്പോൾ സ്ഥലത്ത് ഉണ്ടായിരുന്നില്ല. മാനേജരാണ് സംഭവം കണ്ടതും പരാതി നൽകിയതും. ഇയാളുടെ പരാതിയിലാണ് കേസെടുത്തത്. ആ സ്ഥിതിക്ക് ഉടമയെ പ്രതിയാക്കിയതും അറസ്റ്റ് ചെയ്തതും നിയമവിരുദ്ധമാണ്.

അതേസമയം അറസ്റ്റ് എസ്.പിയെ അറിയിച്ചതാണെന്ന വിവരവും പുറത്തുവന്നു. അറസ്റ്റിന് മുമ്പ് ഫോണിൽ ഡി.വൈ.എസ്.പി. വിവരം എസ്.പി.യെ അറിയിച്ചിരുന്നു. തളിപ്പറമ്പിൽ എസ്.ഐ യായും സി.ഐ യായും സന്തോഷ് കുമാർ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേരിൽ 11 ലക്ഷം തട്ടി

തളിപ്പറമ്പ്: വിദ്യാഭ്യാസ സ്ഥാപനത്തിന്റെ പേരിൽ പതിനൊന്ന് ലക്ഷം രൂപ തട്ടിയെടുത്തതിന് കേസ്. കൊയ്യം കെ.കെ.ഹൗസിലെ സി.ഗംഗാധരൻ(35) തളിപ്പറമ്പ് ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ നൽകിയ പരാതിയിലാണ് കേസെടുത്തത്.

തൃച്ചബരത്തെ കൊഞ്ഞമ്മാറുവീട്ടിൽ ടി.വി. ചന്ദ്രപ്രസാദ്(35), തലശേരി ചിറക്കരയിലെ നീത ഷൈൻ, തളിപ്പറമ്പ് പാലക്കുളങ്ങരയിലെ കൊഞ്ഞമ്മാറുവീട്ടിൽ കെ.വി.പത്മനാഭൻ എന്നിവരാണ് പ്രതികൾ. സുഹൃത്തായ ചന്ദ്രപ്രസാദും മറ്റ് രണ്ട് പേരും എൻ.ഐ.ഐ.ടി എന്ന സ്ഥാപനത്തിന്റെ ഫ്രാഞ്ചസി ആരംഭിക്കാമെന്ന് പറഞ്ഞ് പണം തട്ടിയെന്നാണ് പരാതി. എന്നാൽ പയ്യന്നൂരിൽ ആരംഭിച്ച ഫ്രാഞ്ചസി ഗംഗാധരന്റെ പേരിലാക്കാതെ കബളിപ്പിക്കുകയായിരുന്നു. പിന്നീട് പലതവണ തുക മടക്കിച്ചോദിച്ചെങ്കിലും തിരിച്ചുതരാൻ തയ്യാറായില്ലെന്നും പരാതിയിൽ പറയുന്നു.

സി.പി.എം-ആർ.എസ്.എസ് സംഘർഷം മൂന്നുപേർക്ക് പരിക്ക്

പാനൂർ: പാനൂരിൽ സി.പി.എം- ആർ.എസ്.എസ് സംഘർഷത്തിൽ മൂന്നുപേർക്ക് പരിക്കേറ്റു. ഇന്നലെ വൈകുന്നേരം ആറ് മണിയോടെയാണ് സംഘർഷത്തിന് തുടക്കം. ബൈക്കിൽ സഞ്ചരിക്കുകയായിരുന്ന സി.പി.എം പ്രവർത്തകരായ കൈവേലിക്കലിലെ അഭിനയ് (18), അഷിൻ (18) എന്നിവരെ കൈവേലിക്കലിൽ ബൈക്ക് തടഞ്ഞ് ഒരു സംഘം ആർ.എസ്.എസ് പ്രവർത്തകർ മർദിച്ചുവെന്നാണ് പരാതി. ഇതിന് പ്രതികാരമായി കൈവേലിക്കൽ ദുർഗാശാഖ ആർ.എസ്.എസ് മുഖ്യശിക്ഷക് ഗീതാഞ്ജലിയിലെ അർജുനൻ (19)നെ ബൈക്ക് തടഞ്ഞ് സി.പി.എമ്മുകാർ മർദിച്ചുവത്രെ. പരിക്കേറ്റ അർജുനനെ തലശേരി താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ഭർത്തുമതിയെ കാണാതായി; അന്വേഷണത്തിനിടെ കാമുകനൊപ്പം തിരിച്ചെത്തി

ആലക്കോട്: ഭർതൃമതിയും മൂന്ന് കുട്ടികളുടെ മാതാവുമായ യുവതിയെ കാണാനില്ലെന്ന പരാതിയിൽ പോലീസ് അന്വേഷണം നടത്തുന്നതിനിടയിൽ യുവതി കാമുകനൊപ്പം തിരിച്ചെത്തി. കരുവഞ്ചാൽ സ്വദേശിനി ലൗന(28)യെയാണ് ഇന്നലെ രാവിലെ മുതൽ കാണാതായത്. മാതാവിന്റെ പരാതിയിൽ പോലീസ് അന്വേഷണം നടത്തുന്നതിനിടയിൽ ഇന്ന് രാവിലെ പാലുംചീത്ത സ്വദേശിയായ കാമുകൻ ബിനുവിനൊപ്പമാണ് തിരിച്ചെത്തി പോലീസ് സ്റ്റേഷനിൽ ഹാജരായത്. ഇരുവരും തമ്മിൽ കുറച്ച് കാലമായി പ്രണയത്തിലായിരുന്നത്രെ. തുടർന്നാണ് ഭർത്താവിനെയും മക്കളെയും ഉപേക്ഷിച്ച് കാമുകനൊപ്പം പോയത്. ഇരുവരും നേരത്തെയും ഒളിച്ചോടിയിരുന്നെങ്കിലും യുവതി ഒടുവിൽ സ്വന്തം വീട്ടിലേക്ക് തിരിച്ചു വന്നിരുന്നു. പിന്നീടാണ് വീണ്ടും കാമുകനൊപ്പം പോയത്. ലൗനയെ പോലീസ് ഇന്ന് കോടതിയിൽ ഹാജരാക്കും.

കെവിൻ വധം: പ്രതികളെ അനീഷ് തിരിച്ചറിഞ്ഞു

കോട്ടയം: കെവിൻ വധക്കേസിൽ റിമാന്റിൽ കഴിയുന്ന പ്രതികളെ മുഖ്യസാക്ഷി അനീഷ് തിരിച്ചറിഞ്ഞു. ഇന്ന് സബ് ജയിലിൽ നടന്ന തിരിച്ചറിയൽ പരേഡിലാണ് പ്രതികളെയും ആയുധങ്ങളും

AWI
wooden frames
34 YEARS OF EXPERIENCE
ടെൻഷൻ ഒഴിവാക്കൂ..!!
READYMADE
കട്ടിള
ജനൽ

ഗ്രിൽസ് ആശാരിക്കൂലി ഉൾപ്പെടെ	ആഞ്ഞിലി പ്ലാവ്	വിദേശ വീട്ടി	വിദേശ ഇരുൾ
കട്ടിള	3950	4500	5590 മുതൽ
3 പാളി ജനൽ	9500	10850	12350 മുതൽ
2 പാളി ജനൽ	6650	7700	8700 മുതൽ

തടിമരം വാങ്ങുന്ന മുടക്ക് വേണ്ട ഗ്രിൽസ് അടക്കം റെഡിമെയ്ഡ് കട്ടിള, ജനലുകൾ സ്വന്തമാക്കാൻ
ആയിഷ വുഡ്
IMPORTS & EXPORTS
N.H. പിലാത്തറ, പയ്യന്നൂർ
N.H. ഏഴാംമൈൽ, തളിപ്പറമ്പ
N.H. ഐങ്ങോത്ത്, കാഞ്ഞങ്ങാട്
9847808929
e-mail: ayshawoodstrading@rocketmail.com
ayshawoods web: www.ayshawoods.com
C1805-374137

AL MAQAR
(INARC)
INSTITUTE OF ARTS & COMMERCE
DARUL AMAN NADUKANI, TALIPARAMBA, KANNUR
almaqarinar@gmail.com, Ph:0460 2227786, Mob: 9188697851
+1 Commerce Humanities
(Scole Kerala)
Degree B.com
ബാച്ചുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു
9947 687 333, 9747 602 004, 9539 313 313
Acadamic Bridge Course
Moral Guidance
Adolescence Training
Entrance Foundation Coaching
Life Skill Training
• ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം കാമ്പസ്
• ഖുർആൻ, ഫിഖ്ഹ്, ഹദീസ് തുടങ്ങിയ ഇസ്ലാമിക് വിഷയങ്ങൾ
• ഹോസ്റ്റൽ, വാഹനസൗകര്യം

തളിപ്പറമ്പ് നീതി ലാബ്
എമിറേറ്റ്സ് മാൾ, മെയിൻറോഡ്, തളിപ്പറമ്പ
(തളിപ്പറമ്പ് നഗരത്തിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ സി. 2056 കീഴിലുള്ള ഒരു അനുബന്ധ സ്ഥാപനം)
പരിശോധനഫീസിൽ 10% മുതൽ 50% വരെ കിഴിവ്
ആധുനിക സാങ്കേതികവിദ്യയും ഉപകരണങ്ങളും ഉപയോഗിച്ച് മികച്ച ടെക്നീഷ്യന്മാർ എല്ലാവിധ പരിശോധനയും നടത്തി കൃത്യമായ ഫലം നൽകുന്നു
Ph: 0460 2207118
വയോജനങ്ങൾക്ക് 6 മാസത്തേക്ക് പ്രമേഹ പരിശോധന സൗജന്യം
കിടപ്പുരോഗികളുടെ രക്തസാമ്പിൾ വീടുകളിലെത്തി ശേഖരിക്കുന്നതാണ്

Printed, Published by P.K.Mujeeb Rahman for Makthab Daily, P.O. Taliparamba, Kannur and Printed at Neethi Offset Press, Taliparamba, Kannur. 670 141 Editor: K.Sunilkumar. Vol. No. 11 Issue No. 190 RNI Reg.No.KER MAL/2007/22043